# സാമൂഹ്യ പ്രത്യാഘാത മാനേജ്മെൻറ് പ്ലാൻ

**2023 ഡിസംബർ 21**

**കണ്ണൂർ ജില്ലയിലെ തിരുവങ്ങാട്-ചമ്പാട് റോഡ്**

**(ചമ്പാട്- കോപ്പാലം-തലശ്ശേരി റോഡ്)**

**അഭിവൃദ്ധിപ്പെടുത്തലിന് വേണ്ടി ഭൂമി ഏറ്റെടുക്കൽ**

**അർത്ഥനാധികാരി**

**കേരള റോഡ് ഫണ്ട് ബോർഡ്**
**പ്രോജക്ട് മാനേജ്മെൻറ് യൂണിറ്റ്, കണ്ണൂർ ഡിവിഷൻ**

**എസ്.ഐ.എ യൂണിറ്റ്**

**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്**

**ഭാരത മാതാ സ്ക്കൂൾ ഓഫ് സോഷ്യൽ വർക്ക്, ഭാരത മാത കോളേജ്, തൃക്കാക്കര, എറണാകുളം**

# സാമൂഹ്യ പ്രത്യാഘാത മാനേജ്മെൻറ് പ്ലാൻ

**പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും**

തിരുവങ്ങാട്-ചമ്പാട് റോഡ് വികസനം (ചമ്പാട്-കോപ്പാലം -തലശ്ശേരി റോഡ്) 1/607 കി.മീ. മുതൽ 5/208 കി.മീ. വരെയും 6/126 കി.മീ. മുതൽ 7/120 കി.മീ. വരെയും ഉള്ള തിരുവങ്ങാട്-ചമ്പാട് റോഡ് വികസനപദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കപ്പെടുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത മാനേജ്മെൻറ് പ്ലാൻ ആണ് ഇവിടെവിശദീകരിക്കുന്നത്.ഈ പദ്ധതിക്കായി 2.364 ഹെക്ടർ ഭൂമിയാണ് തലശ്ശേരി താലൂക്കിലെ തിരുവങ്ങാട്, കൊടിയേരി, പന്നിയന്നൂർ എന്നീ വില്ലേജുകളിൽ നിന്നുമായി ഏറ്റെടുക്കേണ്ടി വരുന്നത്. 184 വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട വസ്തുവകകളെ ഭൂമി ഏറ്റെടുക്കൽ മൊത്തമായോ ഭാഗികമായോ ബാധിക്കും. ടി പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- 329 ഭൂവുടമകളുടെ ഉടമസ്ഥതയിലുള്ള വസ്തുവകകൾ പദ്ധതി നേരിട്ട് ബാധിക്കപ്പെടും.
- 155 ഭൂവുടമകളുടെ കച്ചവടം ഉൾപ്പടെ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കടമുറികൾ/കെട്ടിടങ്ങൾ ഭാഗീകമായോ/പൂർണ്ണമായോ ബാധിക്കപ്പെടും..പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിൻേറയും തലശ്ശേരി മുനിസിപ്പാലിറ്റിയുടേയും ഉടമസ്ഥതയിലുള്ള വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം/ മുറി, പദ്ധതി ബാധിതമാകും.പന്ന്യന്നൂർ ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ വരുന്ന ഒരു അംഗൻവാടിയും ഉൾപ്പെടും.
- 5 കുടുംബങ്ങൾ പദ്ധതി പ്രദേശത്ത് നിന്നും കുടി ഒഴിയേണ്ടി വരും.
- 44 കടകൾ പദ്ധതി പ്രദേശത്ത് നിന്നും മാറ്റേണ്ടി വരും.
- 81 കുടുംബങ്ങളുടെ മുഖ്യ ഉപജീവന മാർഗ്ഗത്തെ ബാധിക്കുന്നുണ്ട്. കൂടാതെ പദ്ധതി പ്രദേശത്തെ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന 110 തൊഴിലാളികൾക്ക് അവരുടെ വരുമാനം നഷ്ടപ്പെടും.

- പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പദ്ധതി പ്രദേശത്തുള്ള 422 ഫലവൃക്ഷങ്ങൾ. (തെങ്ങ്, കമുക്, തേക്ക്, പ്ലം, വാഴ എന്നീ വിവിധ ഫലദായക വൃക്ഷങ്ങൾ) മുറിച്ച് മാറ്റപ്പെടും.
- ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ 81 കുടുംബങ്ങളുടെ മുഖ്യ വരുമാന മാർഗ്ഗം നഷ്ടപ്പെടും.
- പദ്ധതി പ്രദേശത്തെ വിവിധ ബിസിനസ്സ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന 110 തൊഴിലാളികൾക്ക് അവരുടെ ഉപജീവന മാർഗ്ഗം നഷ്ടപ്പെടും.

## 7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

തിരുവങ്ങാട്-ചമ്പാട് റോഡ് വികസിപ്പിക്കുന്നതിനു വേണ്ടി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട് കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും പുനരധിവാസ പുന:സ്ഥാപന പാക്കേജും നൽകുക. കൂടാതെ താഴെ പറയുന്ന നിർദ്ദേശങ്ങളും പ്രത്യാഘാത ലഘൂകരണത്തിനായി പരിഗണിക്കുക.

- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽകുകയും ചെയ്യുക.
- പദ്ധതി പ്രദേശത്ത് നിന്നുള്ള കുടിയൊഴിപ്പിക്കൽ പദ്ധതിയുടെ കഠിനമായ ഒരു ആഘാതമായി പരിഗണിക്കുക, പദ്ധതി പ്രദേശത്തുനിന്ന് മാറ്റി പാർപ്പിക്കേണ്ട കുടുംബങ്ങൾക്ക് മുൻഗണന നൽകുക.
- പദ്ധതി പ്രദേശത്തെ തങ്ങളുടെ താമസത്തിനും ഉപജീവനത്തിനുമായി ആശ്രയിച്ചിരുന്ന ഭൂവുടമകളായ കുടുംബങ്ങൾക്ക് അവരുടെ ഉപജീവനമാർഗം നഷ്ടമാകാത്ത വിധത്തിൽ പുനരധിവാസ നടപടികൾ സ്വീകരിക്കേണ്ടതാണ്
- പദ്ധതി പ്രദേശത്തെ ബിസിനസ്സ് സ്ഥാപനങ്ങൾ പദ്ധതിബാധിതമാകുന്ന ഉടമകൾക്ക് സമയാധിഷ്ടിതമായി നഷ്ടപരിഹാരവും പുനസ്ഥാപന നടപടികളും നൽകി അവരുടെ ഉപജീവനം നിലനിറുത്തേണ്ടതാണ്. കൂടാതെ പ്രസ്തുത

സ്ഥാപനങ്ങളിൽ 3 വർഷമോ അതിലധികമോ ആയി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വാടകക്കാരെയും തൊഴിലാളികളേയും മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരത്തിന് പരിഗണിക്കേണ്ടതാണ്.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ പദ്ധതിപ്രദേശത്തെ കെട്ടിടങ്ങളിൽ കുടുംബങ്ങൾക്ക് താമസത്തിനോ ഉപജീവന പ്രവർത്തനത്തിനോ തടസം നേരിട്ടാൽ, നിജസ്ഥിതി പരിശോധിച്ച്, ആവശ്യമെങ്കിൽ, പ്രസ്തുത കാലഘട്ടത്തിൽ ബദൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്ന സ്ഥലം, നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി പദ്ധതിബാധിതമാകുന്ന നിർമ്മിതികളുടെ പുനസ്ഥാപനത്തിനോ, പുതുതായി നിർമ്മാണം നടത്തുന്നതിനോ മതിയാകാതെ വരുന്ന സാഹചര്യത്തിൽ, പ്രസ്തുത വസ്തുക്കളുടെ നിജസ്ഥിതി പരിശോധിച്ച് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ സാധ്യമായ ഇളവുകൾ നൽകുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പരിഗണനക്കായി നിർദ്ദേശിക്കേണ്ടതാണ്
- പാർക്കിങ്ങ് ഏരിയ നഷ്ടമാകുന്ന വ്യാപാര സ്ഥാപനങ്ങൾക്ക്, ടി കെട്ടിടങ്ങളിൽ നടക്കുന്ന വ്യാപാരങ്ങളുടെ സ്വഭാവമനുസരിച്ച്, നിജസ്ഥിതി പരിശോധിച്ച് ആവശ്യമായ പ്രത്യാഘാത ലഘൂകരണ നടപടികൾ സ്വീകരിക്കേണ്ടതാണ്
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ സമീപത്തുള്ള വീടുകളിലേക്കും, കടകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.
- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷത്തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ പദ്ധതി പ്രദേശത്ത് ഉപേക്ഷിക്കാതിരിക്കുന്നതിനും, യഥാസമയം ശാസ്ത്രീയമായ നിർമാർജ്ജനം ചെയ്യുന്നതിനുമുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം
- പദ്ധതിക്കുവേണ്ടി മാറ്റേണ്ടിവരുന്ന വൈദ്യുത ലൈൻ, വൈദ്യുത തൂണുകൾ കുടിവെള്ള പൈപ്പുകൾ എന്നിവയുടെ പുന:സ്ഥാപിക്കൽ ത്വരിതപ്പെടുത്തുക..

➢ പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിൽ പൊടിശല്ല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുമുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.

**7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാരിൻെറ റവന്യൂ (ബി) ഡിപ്പാർട്ട്മെൻറ് 29/12/2017ന് പുറപ്പെടുവിച്ച വിഞ്ജാപനം G.O.(Ms) No.448/2017/RD പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുകയും, നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിക്കുകയും ചെയ്യുക.

**പട്ടിക 7.1 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

| ക്രമ നമ്പർ | പ്രത്യാഘാതം | പ്രത്യാഘാതനിയന്ത്രണം | സമയക്രമം |
|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | നഷ്ടപരിഹാരം (RFCTLARR നിയമം 2013, ഒന്നാം പട്ടികപ്രകാരം) | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള RFCTLARR, ആക്ട് 2013 പ്രകാരമുള്ള സമയക്രമം. |
| 2 | ഭൂമിയോട് ചേർന്നുള്ള നിർമ്മിതികളുടെ നഷ്ടമാകൽ | നഷ്ടപരിഹാരം (RFCTLARR നിയമം 2013, ഒന്നാം പട്ടികപ്രകാരം) | |
| 3 | ഉപജീവനമാർഗ്ഗം നഷ്ടമാകൽ | 29/12/2017 തീയതിയിലെ കേരള സർക്കാരിൻെറ പോളിസി പ്രകാരം നഷ്ടപരിഹാരം/പുന:സ്ഥാപനം നൽകുക | |

| | | | |
|---|---|---|---|
| 4 | കുടുംബങ്ങളുടെ മാറ്റിപാർപ്പിക്കൽ | 29/12/2017 തീയതിയിലെ കേരള സർക്കാരിൻെറ പോളിസി പ്രകാരം നഷ്ടപരിഹാരം/ പുനഃസ്ഥാപനം നൽകുക. ദുർബലജന വിഭാഗങ്ങൾക്ക് മുൻഗണന നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള RFCTLARR, ആക്ട് 2013 പ്രകാരമുള്ള സമയക്രമം. |
| 5 | ഉപയോഗരഹിതമായ ഭൂമിയുടേയോ വസ്തുവിൻേറയോ ഏറ്റെടുക്കൽ | ആഘാത ബാധിതരിൽ നിന്നുമുള്ള അപേക്ഷ പ്രകാരം വസ്തുവകകൾ ഏറ്റെടുക്കുക | ഭൂമി ഏറ്റെടുപ്പിൻെറ വേളയിൽ |
| 6 | നെൽകൃഷിയിൽ നിന്നും വൃക്ഷങ്ങളിൽ നിന്നുമുള്ള വരുമാന നഷ്ടം. | നെൽകൃഷിയിൽ നിന്നും വൃക്ഷങ്ങളിൽ നിന്നുമുള്ള വരുമാനം പരിഗണിച്ച് നഷ്ടപരിഹാരം നൽകുക. | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള RFCTLARR, ആക്ട് 2013 പ്രകാരമുള്ള സമയക്രമം. |
| 7 | കുടിവെള്ള പൈപ്പ് ലൈൻ, വൈദ്യുത തൂണ് മുതലായവ മാറ്റി സ്ഥാപിക്കൽ | പുനസ്ഥാപിക്കുവാനുള്ള ക്രമീകരണങ്ങൾ കൈക്കൊള്ളുക | നിർമ്മാണത്തിൻെറ പ്രാരംഭ ഘട്ടത്തിൽ തന്നെ നടപടികൾ കൈക്കൊള്ളുക. |
| 8 | ആഘാത ബാധിത കുടുംബങ്ങളുടെ വസ്തുക്കളിലെ യൂട്ടിലിറ്റീസിനുണ്ടാകുന്ന കേടുപാടുകൾ | ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുന്ന കേടുപാടുകൾ നികത്തുകയോ പദ്ധതി ബാധിത കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് പകരം ക്രമീകരണങ്ങൾ സ്വീകരിക്കുകയോ ചെയ്യുക. | നിർമ്മാണത്തിൻെറ പ്രാരംഭ ഘട്ടത്തിൽ തന്നെ നടപടികൾ കൈക്കൊള്ളുക |
| 9 | പൊതു ഗതാഗതം | പദ്ധതി നിർവഹണ | നിർമ്മാണത്തിൻെറ |

| | | | |
|---|---|---|---|
| | തടസപ്പെടലും നിർമ്മാണ വേളയിലുള്ള മാലിന്യ രൂപീകരണ പ്രശ്നങ്ങളും. | ഏജൻസി നടപടികൾ നടപ്പിലാക്കുക. | പ്രാരംഭ ഘട്ടത്തിൽ തന്നെ നടപടികൾ കൈക്കൊള്ളുക. |